
# വന്ദ്യ കോടിയാട്ട് യാക്കോബ് കത്തനാർ

(100-ാംചരമവാർഷികം :1198 വൃശ്ചികം - 5 / 21st November, 2022)

*തിരുവല്ലയിലെ യാക്കോബായ സുറിയാനി ചരിത്രം*



തിരുവല്ലായിലെ സുറിയാനി സഭാ വിശ്വാസികളുടെ ആരാധനാലയങ്ങളുടെ ഉത്ഭവവും ഉയർച്ചയും ഉദാത്തതയും വന്ദ്യ കോടിയാട്ട് യാക്കോബ് കത്തനാരുടെ ശ്രമഫലത്തോട് ബന്ധപ്പെട്ടതാണെന്ന യാഥാർത്ഥ്യം ഇന്നത്തെ തലമുറ അനുസ്മരിക്കുന്നതു് നല്ലതാണ്.

**കോടിയാട്ടു കുടുംബ സ്ഥാപകനായ ഇടിക്കുള ഗീവര്ഗീസിന്റെ ദ്വിതീയ പുത്രൻ ഗീവറുഗീസ് കുര്യൻ്റെ മകനാണു കോടിയാട്ട് യാക്കൂബ് കത്തനാർ.**

ഇടിക്കുള ഗീവറുഗീസ് ദാനമായി നൽകിയ 10 ഏക്കർ പുരയിടത്തിലാണ് ഇന്നു കാണുന്ന പാലിയേക്കര പള്ളിയും എം.ജി.എം ഹൈസ്ക്കൂളും ഫീൽഡും സ്ഥിതി ചെയ്യുന്നതു്. തിരുവല്ലാ ശ്രീവല്ലഭ ക്ഷേത്രത്തിനു സമീപം എന്ന കാരണത്താൽ ഹിന്ദുക്കൾ നശിപ്പിച്ച, (1753-ൽ സ്ഥാപിതമായ പാലിയേക്കര പള്ളി) സുറിയാനി പള്ളി 1815ൽ പുതുക്കി പണിതു കൂദാശ ചെയ്തു.

വികാരി, കോടിയാട്ട് യാക്കൂബു കത്തനാരും, കോവൂർ ഐപ്പ് തോമ്മാ കത്തനാർ സഹവികാരിയും ആയിരുന്നു. സുറിയാനി സഭയിൽ നവീകരണക്കാർ എന്ന വിഭാഗം ഉണ്ടായപ്പോൾ കോടിയാട്ട് യാക്കൂബ് കത്തനാർ സുറിയാനി ക്കാരുടെ ആത്മീയ നേതാവും കോവൂരച്ചൻ നവീകരണക്കാരുടെ നേതാവുമായി തീർന്നു. തർക്കത്തെ തുടർന്നു്, കോടതി ഉത്തരവു പ്രകാരം പാലിയേക്കര പള്ളി പൂട്ടിയിടപ്പെട്ടു. പള്ളി നഷ്ടപ്പെടും എന്ന സ്ഥിതി വന്നപ്പോൾ പുതിയ പള്ളി സ്ഥാപിക്കേണ്ട സ്ഥിതി വന്നു. കാവുംഭാഗത്ത് കട്ടപ്പുറം പുരയിടം വാങ്ങി, 1865 ൽ കല്ലിടൽ നടത്തി പണി ആരംഭിച്ചു.

യാക്കൂബ് കത്തനാരുടെ പിതാവായ, ഗീവറുഗീസ് കുര്യൻ്റെ പേരിൽ വാങ്ങിയ സ്ഥലം യാക്കോബായ സുറിയാനി സഭയ്ക്കു വേണ്ടി പരി. അന്ത്യോഖ്യാപാത്രിയർക്കീസിൻ്റെ പേർക്കെഴുതി രജിസ്റ്റർ ചെയ്തു. 1885 ൽ കട്ടപ്പുറം പള്ളി പണി പൂർത്തിയായി, ആദ്യ വികാരിയായി യാക്കൂബ് കത്തനാർ ചുമതല ഏറ്റു. കോടതിയിൽ നിലവിലിരുന്ന കേസ് വിധിയായി; കട്ടപ്പുറം പള്ളിക്ക് പാലിയേക്കര പള്ളിയിൽ പൂർണ്ണ അവകാശം ആയി.

ആദ്ധ്യാത്മിക രംഗത്തോടൊപ്പം വിദ്യാഭ്യാസ രംഗത്തും യാക്കൂബ് കത്തനാർ വ്യക്തിമുദ്ര പതിപ്പിച്ചു. എം.ജി.എം സ്ക്കൂൾ സ്ഥാപനം (1903) സ്ഥലമെടുപ്പ്, കെട്ടിട നിർമ്മാണം, വർഷങ്ങളോളം അതിൻ്റെ മാനേജർ, എന്നീ മേഖലകളിലെല്ലാം സ്തുത്യർഹമായി പ്രവർത്തിച്ചു. 1876ലെ മുളന്തുരുത്തി സുന്നഹദോസിൽ തിരുവല്ല പള്ളികളെ (പാലിയേക്കര, കട്ടപ്പുറം) പ്രതിനിധീകരിച്ച് വന്ദ്യ അച്ചൻ -പ്രധാന വികാരിയായി മറ്റുള്ളവരോടൊപ്പം പങ്കെടുത്തു. 1098 വൃശ്ചികം 5-ാം തീയതി വന്ദ്യ യാക്കൂബ് കത്തനാർ ദിവംഗതനായി കട്ടപ്പുറത്തു പള്ളിയിൽ കബറടങ്ങി.

ഇദ്ദേഹത്തിൻ്റെ മൂത്ത പുത്രനായിരുന്നു കോടിയാട്ടു് വന്ദ്യ കുര്യാക്കോസ് കോറെപ്പിസ്കോപ്പാ. ഇദ്ദേഹം 1933ൽ ദിവംഗതനായി കട്ടപ്പുറം പള്ളിയിൽ കബറടങ്ങി.

തുടർന്നാണു് വന്ദ്യ കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്ക്കോപ്പാ, 1959 വരെ കട്ടപ്പുറത്തു പള്ളിയിലും തുടർന്നു അരനൂറ്റാണ്ടിനോടടുത്ത് സിംഹാസന പള്ളിയിലും വികാരിയായിരുന്നു. ഇപ്പോൾ, കോടിയാട്ട് പുരയ്ക്കൽ ജെറി കുര്യൻ കത്തനാർ വികാരിയായി സേവനം അനുഷ്ഠിക്കുന്നു.

വന്ദ്യ യാക്കൂബ് കത്തനാരുടെ മറ്റൊരു പുത്രനാണു്, സത്യവിശ്വാസ സംരക്ഷണാർത്ഥം തിരുവല്ലാ സിംഹാസന പള്ളി സ്ഥാപിച്ച കോടിയാട്ട്, കെ.ജെ.ഏബ്രഹാം, (കുട്ടിച്ചായൻ). തുടർന്നു മകൻ ഏബ്രഹാം ജേക്കബ് (ഉണ്ണിച്ചായനും), പുത്രൻ കെ.ജെ.ഏബ്രാഹം (രാജുച്ചായനും) സിംഹാസന പള്ളിയുടെ നടത്തിപ്പുകാരായിരുന്നു. ഇപ്പോൾ ഷെവ. ഏബ്രഹാം ജേക്കബ്ബിൻ്റെ മറ്റൊരു മകൻ ജേക്കബ് മാത്യുവിൻ്റെ പുത്രൻ പ്രവീൺ മാത്യു പള്ളിയുടെ ട്രസ്റ്റിയായി സേവനം അനുഷ്ഠിക്കുന്നു.

തിരുവല്ലാ പ്രദേശത്തു് സുറിയാനി സഭാ വിശ്വാസം രൂഢമൂലമാകുവാനും ദൈവാലയ സ്ഥാപനത്തിനും നടത്തിപ്പിനും തലതൊട്ടപ്പനും ആവാൻ ദൈവം പ്രയോജനപ്പെടുത്തിയ വന്ദ്യ യാക്കോബ് അച്ചൻ്റെ സ്മരണ കൽപാന്ത കാലത്തോളം നിലനിൽക്കട്ടെ.

*ജോർജ് ജേക്കബ്*